


വീണ്ടുമൊരു പീഢാനുഭവത്തിന്റെയും ഉത്ഥാനത്തിന്റെയും അരൂപിയിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. നോമ്പ്, ധ്യാനം, വ്രതാനുഷ്ഠാനങ്ങൾ, അനുതാപം, ദാനധർമ്മം, പ്രായശ്ചിത്തം ഇവയെല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് നാം ഈസ്റ്റർ ആചരിക്കുന്നത്. 'ഉപവാസം' എന്നാൽ ദൈവത്തിന്റെ കൂടെ സഹവസിക്കുക എന്നാണല്ലോ. ആത്മീയ വിശുദ്ധി കൈവരിക്കാനും സ്വയം നവീകരിക്കുവാനും പീഡനങ്ങളെ അതിജീവിക്കാനുള്ള കരുത്ത് ആർജ്ജിക്കാനുമാണ് നാം ഉപവസി
ക്കുന്നത്.

മാർ തോമാശ്ലീഹായുടെ വിശ്വാസദാർഢ്യത്തിന്റെ പാരമ്യം പ്രകടമായത് യേശുവിന്റെ ഉത്ഥാനത്തിന്റെ പശ്ചാത്തലത്തിലായിരുന്നു. ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ തങ്ങളുടെ പ്രസംഗവും വിശ്വാസവും നിരർത്ഥകമാണെന്ന് വി. പൗലോസ് (1 കോറി 15:4) ഉദ്ബോധിപ്പിച്ചിട്ടുണ്ട്. ദു:ഖവെള്ളിക്കുശേഷം ഉയിർപ്പു ഞായറുണ്ട് എന്ന പ്രത്യാശയാണ് നമ്മെ മുന്നോട്ടു നയിക്കുന്നത്.

അഹങ്കാരത്തിന്റെയും അനീതിയുടെയും ആർത്തിയുടെയും സൃഷ്ടിയായ കുരിശുഭാരം താങ്ങി മല കയറാനും പരസ്നേഹത്തിന്റെ പരമസാക്ഷ്യമായ യേശുവിന്റെ കുരിശുബലിയോടു ചേർന്ന് പാപഭാരമെല്ലാം ഇറക്കിവെക്കാനും ഉത്ഥിതനായ യേശുവിനെ ദർശിക്കാനും സ്പർശിക്കാനും ഈസ്റ്റർ ആചരണം നമ്മെ പ്രാപ്തരാക്കട്ടെ.

മാർച്ചുമാസം ഔസേപ്പിതാവിനോടുള്ള വണക്കത്തിനായി അർപ്പിക്കപ്പെട്ടിരിക്കുകയാണ്. ആ ധന്യ പിതാവിന്റെ അനുകരണീയമായ
മാതൃകയെ അനുസ്മരിക്കുകയും കുടുംബജീവിതത്തിലേക്ക് പകർത്തുകയും ചെയ്യുവാൻ നാം കടപ്പെട്ടിരിക്കുന്നു.

ദൈവഹിതത്തിനു വഴങ്ങി നിശ്ശബ്ദ സാന്നിധ്യത്തിലൂടെ തിരുകുടുംബത്തെ പരിപാലിച്ച വി. ഔസേപ്പിതാവിനെ അദ്ധ്വാനത്തിന്റെയും ത്യാഗത്തിന്റെയും നൽമരണത്തിന്റെയും മദ്ധ്യസ്ഥനായി നാം ഭക്ത്യാദരപൂർവ്വം വണങ്ങുന്നു.

അടിയുറച്ച ദൈവവിശ്വാസവും പരസ്പരവിശ്വാസവും ക്ഷമയും സ്നേഹവും ഔസേപ്പിതാവിനോടുള്ള ഭക്തിയിലൂടെ നമ്മുടെ
കുടുംബങ്ങളിൽ നിറയട്ടെ.

പത്രാധിപസമിതി

# ഇടയശബ്ദം



എനിക്കു പ്രിയപ്പെട്ട എന്റെ ഇടവകാംഗങ്ങളേ,

ലൂർദ്ദ് കത്തീഡ്രൽ വികാരിയായി വന്നിട്ട് ഒരാഴ്ച കഴിഞ്ഞ വേളയിലാണ് ഈ കുറിപ്പ് എഴുതുന്നത്. തൃശൂർ ലൂർദ്ദ് കത്തീഡ്രൽ ഫൊറോനയിൽ വികാരിയായി എന്നെ നിയമിക്കുന്നു എന്ന് കേട്ട മാത്രയിൽ എനിക്കാകെ ആശങ്കയും ഭയവുമാണ് തോന്നിയത്. കാരണം, ലൂർദ്ദ് പള്ളിയ്ക്കും ലൂർദ്ദ് ഇടവകക്കാർക്കും വളരെ ഉന്നതമായ സ്ഥാനമാണ് എന്റെ മനസ്സിലുള്ളത്. ഭദ്രാസന ദേവാലയം, മെത്രാപ്പോലീത്തയുടെ പള്ളി, രണ്ടായിരത്തിനടുത്ത്

ഭവനങ്ങൾ, ഹയർ സെക്കന്ററിയടക്കം പേരു കേട്ട വിദ്യാലയങ്ങളും പ്രശസ്തിയാർജ്ജിച്ച ലൂർദ്ദ് കുറിക്കമ്പനിയുമുള്ള പള്ളി. പ്രഗത്ഭരായ വൈദികരും സിസ്റ്റേഴ്സുമടക്കം അനേകം സമർപ്പിതരും രണ്ടു ഷെവലിയർമാരടക്കം ഉന്നതസ്ഥാനീയരായ അത്മായ പ്രമുഖരും ഉള്ള ഇടവക. മെത്രാസനഭവനം അടക്കം അനേകം പ്രധാനപ്പെട്ട സ്ഥാപനങ്ങളും പ്രൊവിൻഷ്യൽ ഹൗസുകളുൾപ്പെടെ അനേകം സന്യാസഭവനങ്ങളും ഉൾക്കൊള്ളുന്ന ഇടവക. പാരമ്പര്യവും കുലീനത്വവും ആഢ്യത്വവും നിറഞ്ഞുനിൽക്കുന്ന പൈതൃകത്തിന്

ഉടമകൾ. സാമ്പത്തികമായും സാമൂഹ്യമായും സാംസ്കാരികമായും രാഷ്ട്രീയമായും വിദ്യാഭ്യാസപരമായും അതികായന്മാർ നിറഞ്ഞ ഇടവക സമൂഹം.

പ്രീഡിഗ്രിയ്ക്കും പി.ജി. യ്ക്കും എന്നെ പഠിപ്പിച്ചിട്ടുള്ള പ്രൊഫസർമാർ അംഗങ്ങളായുള്ള ഇടവക സമൂഹം...... അങ്ങനെ വളരെ ആദരവോടെ വളരെ ഔന്നത്യത്തിൽ നിൽക്കുന്ന്തായി ഞാൻ കാണുന്ന ഒരു ഇടവകയുടെ വികാരിയായിരിക്കാൻ മാനുഷികമായി പേടിയുണ്ടാവുക സ്വാഭാവികം മാത്രമാണല്ലോ.

എന്നെ പേടിപ്പെടുത്തിയ ഈ ചിന്തകൾക്കുമേൽ ഒരു ദൈവികസ്പർശം എന്റെ ഹൃദയത്തെ തലോടുന്നതായി പിന്നീട് എനിക്കു തോന്നി. അനുസരണം വ്രതമായി കണക്കാക്കുന്ന ഒരു വൈദികനെ സംബന്ധിച്ച് അധികാരിയുടെ സ്വരം ദൈവത്തിന്റെ സ്വരം തന്നെയാണ്. ദൈവത്തിന്റെ പരിപാലന അഭിവന്ദ്യപിതാവിലൂടെ നിയോഗിച്ചുതരുന്ന വഴി ഇതാണെങ്കിൽ ആ നിയോഗത്തിലൂടെ എന്നെ വഴി നടത്തുന്നതും ദൈവം തന്നെയായിരിക്കും. ദൈവം വഴി നടത്തുമ്പോൾ എനിക്കൊന്നും ഭയപ്പെടുവാനില്ലല്ലോ.

പരി. പിതാവ് ജോൺ പോൾ ഒന്നാമൻ, മാർപ്പാപ്പയായി തെരഞ്ഞെടുക്കപ്പെട്ട് സ്ഥാനാരോഹണം കഴിഞ്ഞ് എല്ലാം ശാന്തമായപ്പോൾ പത്രലേഖകർ പിതാവിനെ സമീപിച്ച് ചോദിച്ചു: ''ഇപ്പോൾ എന്തു തോന്നുന്നു? ലോകത്തിലെ ഏറ്റവും ഉന്നതമായ സ്ഥാനത്താണ് അങ്ങ് ഇരിക്കുന്നത്. സഭയിൽ അങ്ങ് എന്തെല്ലാമാണ് ചെയ്യാൻ പോകുന്നത്?'' ശാന്തനായി മന്ദസ്മിതത്തോടെ അദ്ദേഹം മറുപടി പറഞ്ഞത് ഇങ്ങനെയാണ്: ''ഉത്തുംഗമായ ഒരു മഹാസൗധത്തിന്റെ ഏറ്റവും മുകളിലത്തെ കൊച്ചു മുറിയിലിരുന്ന് കിളിവാതിലിലൂടെ പുറത്തേക്ക് നോക്കി ചെറിയ സ്വരത്തിൽ ശബ്ദിക്കുന്ന ഒരു കൊച്ചു കുരുവിയാണ് ഞാൻ... നിങ്ങൾ പറഞ്ഞ ഈ ഔന്നത്യം എന്റേതല്ല, ഞാനിരിക്കുന്ന സൗധത്തിന്റേതാണ്. ഈ വലിയ സൗധമാണ് എന്നെ താങ്ങി നിർത്തുന്നത്. അല്ലാതെ ഞാൻ സൗധത്തെയല്ല താങ്ങിയിരിക്കുന്നത്... ഞാനല്ല ഇതിനെ പണിതുയർത്തിയതും നില നിർത്തുന്നതും. ദൈവത്തോട് സഹകരിക്കുന്ന കോടിക്കണക്കിന് ജനങ്ങളാണ് ഇന്നും ഇതിനുവേണ്ടി പ്രവർത്തനനിരതരായിരിക്കുന്നത്... അതാണ് ഇതിന്റെ സജീവത്വം... ഔന്നത്യം... ''

ലൂർദ്ദ് പള്ളി വികാരിയായിരിക്കുന്നതിനെ കുറിച്ച് എനിക്കു തോന്നിയ വികാരം ഇതിനോട് സദൃശമാണ്. ലൂർദ്ദ് കത്തീഡ്രൽ ഇടവകയെന്ന മഹാസൗധത്തിനു മുകളിൽ എന്നെ താങ്ങിനിർത്തുന്നതും ഇതിനെ പടുത്തുയർത്തുന്നതും വിശ്വാസവും സ്നേഹവുമുള്ള നല്ലവരായ ഇടവക ജനമാ

ണ്. അല്ലാതെ, മറിച്ചല്ല എന്ന് എനിക്ക് പൂർണ്ണ ബോധ്യമുണ്ട്. ഞാനൊന്നുമല്ല; നിങ്ങളാണ് എനിക്ക് എല്ലാമായിരിക്കുക എന്നു ഞാൻ വിശ്വസിക്കുന്നു... ദൈവത്തിന്റെ കൃപയും നിങ്ങളുടെ സ്നേഹവും സഹകരണവും...

മാനുഷികമായ ചില സമാശ്വാസചിന്തകളും എന്നിലുണ്ടായി. ഇടവകാതിർത്തിയിലുള്ള കാത്തലിക് സെന്ററിന്റെ ഡയറക്ടറായി അഞ്ച് കൊല്ലത്തിലേറെ ഉണ്ടായിരുന്നപ്പോൾ ലൂർദ്ദ് ഇടവകക്കാരായ കുറേപ്പേരെ പരിചയപ്പെട്ടിട്ടുണ്ട്. ഞാൻ രൂപത ഡയറക്ടറായിരുന്ന സി.എൽ.സി., കെ.സി.വൈ.എം., കാത്തലിക് യൂണിയൻ, യൂത്ത് കമ്മീഷൻ തുടങ്ങിയ പ്രസ്ഥാനങ്ങളിൽ ഈ ഇടവകക്കാരായ കുറേപ്പേർ രൂപതാതലത്തിലും ഫൊറോന തലത്തിലുമൊക്കെ പ്രവർത്തിച്ചിരുന്നവരുമായി എനിക്ക് ആത്മബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് ഒരു മുതൽക്കൂട്ടായികാണുന്നു. കലാ-കായിക-സാഹിത്യം അതിരൂപതോത്സവത്തിന്റെ ചുമതലക്കാരനായിരുന്നപ്പോഴും എന്നോടൊപ്പം ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുള്ള അനേകം പ്രഗത്ഭർ ഈ ഇടവകക്കാരാണ് എന്നതും അവരുമായി സ്നേഹബന്ധം ഉണ്ടെന്നുള്ളതും സന്തോഷം തരുന്നു. സെന്റ് മേരീസ് ഓർഫനേജ്, ഐ.ടി.സി. ഡയറക്ടർ ആയിരുന്നപ്പോഴും അയൽക്കാരായിരുന്ന ലൂർദ്ദ് ഇടവകക്കാരുമായി നല്ല സ്നേഹബന്ധം ഉണ്ടായിരുന്നു. സെന്റ് തോമസ് കോളേജിലും കഎചചരഡ യുടെ കോഴ്സ് ചെയ്തപ്പോഴും മാനേജ്മെന്റ് കോഴ്സിനും ലൂർദ്ദ് ഇടവകക്കാരായ സതീർത്ഥ്യരുണ്ടായിരുന്നുവെന്നതും സന്തോഷം തരുന്നു. അതിലുപരി ഒരേ ബാച്ചിൽ പഠിച്ച് ഒപ്പം വൈദികനായ ഫാ. തോമസ് പാലത്തിങ്കലിന്റെ ഇടവകയെന്നതും, വിശുദ്ധനായി ജീവിച്ച് ഇന്ന് ദൈവപിതാവിനോടൊപ്പം സ്വർഗ്ഗത്തിലായിരിക്കുന്ന അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന പള്ളിയെന്നതും എന്നെ ലൂർദ്ദ് പള്ളിയുമായി ബന്ധിപ്പിക്കുന്ന കണ്ണികൾ തന്നെ.

ഏതു പ്രധാനപ്പെട്ട അവസരങ്ങളിലും തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുന്നത് മെത്രാപ്പോലീത്തയാണെന്നതും എന്നോടുകൂടി മൂന്ന് സഹവൈദികരുണ്ട് എന്നതും ഏതു കാര്യത്തിലും ഇടവകക്കാരും ഇടവകയിലെ സ്ഥാപനങ്ങളിലുള്ളവരുമായി അനേകം വൈദികരും സമർപ്പിതരും അത്മായ നേതാക്കളുമുണ്ട് എന്നതും എനിക്ക് ആത്മവിശ്വാസം പകരുന്നു... ആശങ്കയുടെ കാർമേഘത്തിനു മേൽ ദൈവപരിപാലനയുടെ വെള്ളിവെളിച്ചം കണ്ടുകൊണ്ട് ലൂർദ്ദ് പള്ളിയിലേക്ക് കഴിഞ്ഞ 10-ാം തിയതി കടന്നുവന്നു...

ലൂർദ്ദിൽ വികാരിയായിട്ട് ആദ്യമായി ദിവ്യബലിയർപ്പിച്ചത് ലൂർദ്ദ് മാതാവിന്റെ തിരുനാൾ ദിനത്തിലാണെന്നതും ദൈവനിയോഗം തന്നെ. ലൂർദ്ദ് മാതാവിന്റെ ഊട്ടുതിരുനാൾ ഭംഗിയായി. ഇടവകജനം മുഴുവൻ പങ്കെടുത്തു, സഹകരിച്ചു എന്നതിൽ സന്തോഷവും നന്ദിയും... തൊട്ടടുത്ത ദിവസം ബോസ്കോ പിതാവിന്റെ മെത്രാഭിഷേകത്തിൽ നാം കുറേപ്പേർ പങ്കെടുത്തു. പിതാവിനു കൊടുത്ത സ്വീകരണവും സമ്മാനവും മനോഹരമായി എന്നതും നന്ദിയോടെ സ്മരിക്കുന്നു.

പള്ളിയിൽ ദിവസേന മൂന്നു കുർബാന, എല്ലാ തിരുക്കർമ്മങ്ങൾക്കും പള്ളി നിറയെ ആളുകൾ... സദാസമയവും പള്ളിയിൽ വന്ന് ധാരാളം പേർ പ്രാർത്ഥിക്കുന്നു. അടിപ്പള്ളി ഒരു സന്ദർശന കേന്ദ്രം എന്നതിലുപരി നിത്യാരാധനാ കേന്ദ്രം എന്ന നിലയിൽ അനേകരെ ആകർഷിക്കുന്നു. പരിചയപ്പെട്ട എല്ലാവരും വളരെ സ്നേഹവും സൗഹൃദവും സേവനതല്പരതയുമുള്ളവരായിട്ടാണ് എനിക്ക് തോന്നിയത്. ഇനിയും എല്ലാവരേയും പരിചയപ്പെടാനും സൗഹൃദം സ്ഥാപിക്കാനും ആഗ്രഹിക്കുന്നു...

വിഭൂതിയിലൂടെ നാം അമ്പതുനോമ്പിലേക്ക് പ്രവേശിച്ചു. നോമ്പുകാലം ആത്മീയതയുടെ വസന്തകാലം ആണല്ലോ. പശ്ചാത്താപത്തിന്റെയും ദാനധർമ്മാദികളുടെയും സത്ഫലങ്ങൾ നിറഞ്ഞുലയുന്ന കാലഘട്ടം. ജീവിത നവീകരണത്തിന്റെയും പരോന്മുഖ ജീവിതത്തിന്റെയും സത്ഫലങ്ങൾ പുറപ്പെടുവിച്ച് ദൈവോന്മുഖ ജീവിതം നയിക്കുവാൻ നമുക്ക് സാധിക്കട്ടെ.....

ദൈവം ആഗ്രഹിക്കുന്ന വഴിയിലൂടെ മുന്നേറാൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ. പരിശുദ്ധ ലൂർദ്ദ് മാതാവിന്റെ സംരക്ഷണം നമ്മോടുകൂടി ഉണ്ടാകട്ടെ.

ഒത്തിരി സ്നേഹത്തോടെ, നിങ്ങളുടെ ശുശ്രൂഷയിൽ
ഫാ. ജോസ് പുന്നോലിപറമ്പിൽ
നിങ്ങളുടെ വികാരിയച്ചൻ




# പരീക്ഷയ്ക്കൊരുങ്ങുമ്പോൾ...........

''എനിക്ക് പരീക്ഷയെ ഒട്ടും പേടിയില്ല''
''ഉം...... അതെന്താ....?''
''ഞാൻ തോൽക്കുമെന്നുറപ്പാ''
തോൽക്കുമെന്നുറപ്പുള്ളവൻ പഠിക്കില്ല. പഠിക്കാത്തവൻ ജയിക്കില്ല.
ജയിക്കാത്തവന് നേട്ടമില്ല. (ശ്രീ. വർഗ്ഗീസ് പോൾ)

പലർക്കും പരീക്ഷയെ പേടിയാണ്. തെന്നു ചെയ്തവർക്കാണ് പേടി. അതായത് വേണ്ടത്ര ഒരുങ്ങാത്തവർക്ക്. നന്നായി ഒരുങ്ങിയാൽ മൂന്നോ നാലോ പഴയ ക്വസ്റ്റ്യൻ പേപ്പർ സ്വയം ഉത്തരമെഴുതിയാൽ പേടിമാറും. പലരുടെയും പേടി ആദ്യപരീക്ഷ കഴിയുന്നതോടെ മാറികണ്ടിട്ടുണ്ട്. എന്നാൽ പേടി വല്ലാതെ കൂടിയാൽ പനിയായി, തലവേദനയായി, ദഹനക്കേടായി, വയറിളക്കമായി....... അങ്ങനെ എത്രയെത്ര പ്രശ്നങ്ങൾ?

പരീക്ഷയെ ഭയക്കാതിരിക്കണമെങ്കിൽ ആദ്യം പരീക്ഷയെഴുതാൻ പഠിക്കണം. പരീക്ഷാകാലമടുക്കുമ്പോഴേയ്ക്കും സിലബസ് പരിശോധിച്ച്, പഠിക്കേണ്ടതും വേണ്ടാത്തതും തിട്ടപ്പെടുത്തണം. പരീക്ഷയ്ക്കൊരുങ്ങുമ്പോൾ അവയുടെ കുറിപ്പുകൾ തയ്യാറാക്കി വച്ചാൽ പരീക്ഷയ്ക്കു മുമ്പ് ഓടിച്ചു നോക്കാനും ഓർമ്മിക്കാനും എളുപ്പമാണ്. ഒരു വിഷയം പഠിക്കുന്ന രണ്ട് മൂന്ന് പേർ കൂടിയിരുന്ന് പഠിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നത് വളരെ നല്ലതാണ്. പരീക്ഷാകാലമടുക്കുമ്പോൾ അമിതാവേശവും ടെൻഷനും മൂലം ഊണും ഉറക്കവും ഉല്ലാസവുമുപേക്ഷിച്ച് പഠിച്ച് ഭ്രാന്ത് പിടിപ്പിക്കുന്നത് ഒട്ടും അനുകരണീയമല്ല. അമ്പതു മിനിറ്റ് തുടർച്ചയായി പഠിച്ചാൽ പത്തുമിനിറ്റ് വിശ്രമം നിർബന്ധമാണത്രേ. വിശ്രമിക്കുക എന്നാൽ ഉറങ്ങുക എന്നർത്ഥമില്ല. മനസ്സിന്റെ പിരിമുറുക്കം കുറയ്ക്കുന്ന എന്തും ആകാം. ഉദാഹരണമായി കൂട്ടുകാരുമൊത്ത് വർത്തമാനം, പാട്ട്, ചെറിയ വിനോദം...... ഇവ നമ്മുടെ മനസ്സിന് കൂടുതൽ ഉണർവേകും. കൂടാതെ ഉറക്കം ആവശ്യത്തിന് വേണം. രാത്രി 12 ന് ശേഷവും രാവിലെ 5 മണിക്കു മുമ്പും പഠിക്കാനിരിക്കുന്നത് ആശാസ്യമല്ല. പരീക്ഷയ്ക്കാവശ്യമായ സാമഗ്രികൾ മറക്കാതെ എടുക്കുമല്ലോ. പരീക്ഷാഹാളിലെത്തുമ്പോൾ അനാവശ്യധൃതിയോടെ സംശയങ്ങൾ പരസ്പരം ചോദിച്ച് മനസ്സിനെ ആശയക്കുഴപ്പത്തിലാക്കുന്നതും തീർത്തും ഉപേക്ഷിക്കേണ്ടതാണ്.

എല്ലാ കൂട്ടുകാർക്കും നല്ല പരീക്ഷാകാലം ആശംസിക്കുന്നു.
ഫാ. ജോമോൻ മുരിങ്ങാത്തേരി



# ഇടവക വാർത്തകൾ

**മാർ ബോസ്കോ പുത്തൂരിന് സ്വീകരണം**

സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ പ്രഥമ കൂരിയ മെത്രാനായി നിയമിതനായ മാർ ബോസ്കോ പുത്തൂർ പിതാവിന് നമ്മുടെ ഇടവകയിൽ ഫെബ്രുവരി 14 ഞായറാഴ്ച സ്വീകരണം നൽകി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്, മോൺ റാഫേൽ തട്ടിൽ എന്നിവർ സന്നിഹിതരായിരുന്നു. ഇടവകയിലെ സ്ഥാപനങ്ങളും സന്യാസഭവനങ്ങളും പിതാവിന് ഉപഹാരം സമർപ്പിച്ചു. നമ്മുടെ ഇടവകയുടെ സ്നേഹോപഹാരം ബഹു. വികാരിയച്ചനും കൈക്കാരന്മാരും ചേർന്ന് പിതാവിന് സമ്മാനിച്ചു.

**ഊട്ടുതിരുനാൾ**

ലൂർദ്ദ് മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11-ാംതിയതി ഊട്ടുതിരുനാൾ ഭക്തിനിർഭരമായി ആഘോഷിച്ചു. വൈകീട്ട് 4.45 ന് ലദീഞ്ഞ്, നൊവേന, ആഘോഷമായ തിരുനാൾ, പാട്ടുകുർബാന, സന്ദേശം എന്നീ തിരുക്കർമ്മങ്ങൾക്കു പുറമേ ജപമാല പ്രദക്ഷിണവും പരിശുദ്ധ കുർബാനയുടെ ആശീർവാദവും നടന്നു. തുടർന്ന് കത്തീഡ്രൽ വികാരി ഊട്ട് വെഞ്ചിരിപ്പ് നടത്തി.

**മേരി നാമധാരികളുടെ സംഗമം**

ലൂർദ്ദ് മാതാവിന്റെ ഊട്ട് തിരുനാളിനോടനുബന്ധിച്ച് മേരി നാമധാരികളുടെ സംഗമം നടത്തി. മീറ്റിംഗിന് ഏകദേശം 50 -ഓളം മേരിമാർ പങ്കെടുത്തു. തിരുനാൾ കുർബാനയ്ക്ക് മേരിമാർ നേതൃത്വം നൽകി.

**പരീക്ഷ ഒരുക്ക പ്രാർത്ഥന**

ഫെബ്രുവരി 26 വെള്ളിയാഴ്ച ഉച്ച തിരിഞ്ഞ് 4.00 ന് 10, +1, +2 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. പ്രൊഫ. പി.സി. തോമസ് കുട്ടികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. പ്രാർത്ഥനയ്ക്ക് വികാരിയച്ചനും കൊച്ചച്ചന്മാരും സിസ്റ്റേഴ്സും നേതൃത്വം നൽകി.

**മെത്രാഭിഷേകം**

മോൺ റാഫേൽ തട്ടിൽ പിതാവിന്റെ മെത്രാഭിഷേകം 2010 ഏപ്രിൽ 10 - ന് ലൂർദ്ദ് കത്തീഡ്രലിൽ വെച്ച് നടക്കുന്നു. എല്ലാ ഇടവകക്കാരുടെയും സാന്നിദ്ധ്യവും സഹകരണവും അഭ്യർത്ഥിക്കുന്നു. (വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.)

**പ്രഥമദിവ്യകാരുണ്യ സ്വീകരണവും സ്ഥൈര്യലേപനവും**

ക്ലാസ്സുകൾ ഏപ്രിൽ 5 മുതൽ ഉണ്ടായിരിക്കും. ഇക്കൊല്ലം ആദ്യകുർബാന സ്വീകരണം ഉദ്ദേശിക്കുന്നവർ പഠിച്ചൊരുങ്ങി ഏപ്രിൽ 5 മുതൽ മുടങ്ങാതെ ക്ലാസ്സിൽ സംബന്ധിക്കണം. മെയ് 2 നാണ് ആദ്യകുർബാന സ്വീകരണവും സ്ഥൈര്യലേപനവും ഉദ്ദേശിക്കുന്നത്.




സെ. റാഫേൽ കുടുംബകൂട്ടായ്മ

സെ. റാഫേൽ കുടുംബകൂട്ടായ്മയുടെ ജനുവരി മാസത്തെ യോഗം 24-ാം തിയതി കോടങ്കണ്ടത്ത് ഉക്രു ആന്റണിയുടെ വസതിയിൽ ബഹു. ജോയ്സനച്ചന്റെ സാന്നിദ്ധ്യത്തിൽ പ്രാർത്ഥനയോടെ കൂടുകയുണ്ടായി. സ്ഥലം മാറിപ്പോകുന്ന എല്ലാ അച്ചന്മാർക്കും ആശംസകളും യാത്രാമംഗളങ്ങളും പ്രാർത്ഥനകളും നേരുകയുണ്ടായി.

കുടുംബാംഗം എല്ലാവരെയും സ്വാഗതം ചെയ്യുകയും പ്രസിഡണ്ട് റിപ്പോർട്ട് വായിക്കുകയും ചെയ്തു. നോമ്പുകാലത്ത് എല്ലാ ഞായറാഴ്ചയും 6 വ.ാ. ന് കുരിശിന്റെ വഴി നടത്താം എന്ന് തീരുമാനിച്ചു. തിരുനാളിന് എല്ലാവരും സഹകരിച്ചതിന് പ്രത്യേകം നന്ദി

പറയുകയുണ്ടായി. ജനുവരി മാസത്തിൽ ജന്മദിനവും വിവാഹവാർഷികവും ആഘോഷിച്ച എല്ലാവരെയും സമർപ്പിച്ച് പ്രാർത്ഥിക്കുകയും ആശംസകളേകുകയും ചെയ്തു. കുടുംബാംഗം എല്ലാവർക്കും നന്ദി പറയുകയും സ്നേഹവിരുന്നിന് ക്ഷണിക്കുകയും ചെയ്തു.

പ്രാർത്ഥനയോടുകൂടി സമ്മേളനം സമാപിച്ചു.




# “ബോറഡിക്കാത്തവന്റെ സ്നേഹം “

## 1. പത്രോസ്

പത്രോസ് എന്ന വാക്കിന്റെ മൂലപദം പെട്രാ എന്നാണ്. ‘പാറ’ എന്നാണതിന്റെ അർത്ഥം. ശിമയോൻ, കേപ്പ, വലിയ മുക്കുവൻ എന്നീ പേരുകളും പത്രോസിനുണ്ട്. അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ യോനായും യോവന്നായും ആണ്. ആദ്യത്തെ മാർപ്പാപ്പയായ അദ്ദേഹം 25 വർഷം റോമിൽ ശ്ലൈഹിക ശുശ്രൂഷ നടത്തി. എ.ഡി. 67 ജൂൺ 29 ന് അദ്ദേഹം കുരിശിന്മേൽ തറയ്ക്കപ്പെട്ടു. പത്രോസിന്റെ കബറിടം ഇന്ന് സ്ഥിതിചെയ്യുന്നത് വത്തിക്കാനിലെ സെ.

പീന്വേഴ്സ് ബസിലിക്കയിൽ ആണ്. രണ്ട് താക്കോലുകൾ (സഭയുടെ മേൽ ക്രിസ്തു നൽകിയ അധികാരം) ആണ് പത്രോസിന്റെ ചിഹ്നം.

## 2. അന്ത്രയോസ്

'മാനുഷിക ഗുണമുള്ളവൻ', 'പൗരുഷമുള്ളവൻ' എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം. യോനയും യോവന്നായും ആണ് അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ. റഷ്യ, ഗ്രീസ്, സ്കോട്ട്ലന്റ് എന്നീ രാജ്യങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനാണ് അദ്ദേഹം. നീറോ ചക്രവർത്തി യുടെ ഭരണകാലത്ത്, എ.ഡി. 69 നവംബർ 30 ന് അക്കായിയായിൽ വച്ച് അന്ത്രയോസ് വധി ക്കപ്പെട്ടു. ത ആകൃതിയുള്ള കുരിശാണ് അദ്ദേഹത്തിന്റെ ചിഹ്നം. മിശിഹായെ ക്രൂശിച്ചതു പോലെ കുരിശിൽ തൂങ്ങിമരിക്കാൻ തനിക്ക് അർഹതയില്ലാത്തതിനാൽ ഗുണനചിഹ്നത്തിന്റെ ആകൃതിയിലുള്ള ഒരു കുരിശിൽ തന്നെ തൂക്കണമെന്ന് അന്ത്രയോസ് അപേക്ഷിച്ചിരുന്നു.

### 3. സെബദിയുടെ പുത്രനായ യാക്കോബ്

കുതികാലിൽ പിടിച്ചവൻ എന്നാണ് പേരിന്റെ അർത്ഥം. വലിയ യാക്കോബ്, ഇടിമുഴക്കത്തിന്റെ പുത്രൻ എന്നിവ യാക്കോബിനെ
വിളിക്കുന്ന പേരുകളാണ്. സെബദിയും സലോമിയും ആണ് അദ്ദേഹത്തിന്റെ മാതാപിതാക്കൾ. ലിഡിയ ആണ് അദ്ദേഹം സുവിശേഷവത്ക്കരണത്തിന് തിരഞ്ഞെടുത്ത പ്രദേശം. ശ്ലീഹ്മാ രിൽ ആദ്യം രക്തസാക്ഷിത്വം വരിച്ചത് യാക്കോബാണ്. എ.ഡി. 42 ൽ ഹേറോദേ അഗ്രി പ്പായുടെ കാലത്ത് ജറുസലേമിൽ വെച്ചാണ് അദ്ദേഹം വധിക്കപ്പെട്ടത്. അദ്ദേഹത്തിന്റെ ശരീര ത്തിലൂടെ വാൾ കടത്തിവിട്ടാണ് വധിച്ചത്. തീർത്വകദണ്ഡും വെള്ളം കൊണ്ടുപോകുന്നതി നുള്ള കുപ്പിയും (തീർത്ഥാടകരുടെ മദ്ധ്യസ്ഥനായതുകൊണ്ട്) ആണ് അദ്ദേഹത്തിന്റെ ചിഹ്നം. സ്പെയിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനാണ് അദ്ദേഹം.

## 4. യോഹന്നാൻ

യോഹന്നാൻ എന്ന പേരിന്റെ അർത്ഥം ദൈവകൃപയുള്ളവൻ എന്നാണ്. ഇടിമുഴക്കത്തിന്റെ പുത്രൻ, ഈശോ സ്നേഹിച്ച ശിഷ്യൻ എന്നൊക്കെയാണ് അദ്ദേഹത്തിന്റെ അപരനാമങ്ങൾ. സെബദിയും സലോമിയും ആണ് അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ. യോഹന്നാന്റെ മരണം സ്വാഭാവിക മരണമായിരുന്നു. എ.ഡി. 98 ൽ ആണ് അദ്ദേഹം മരിച്ചത്. കഴുകൻ ആണ് അദ്ദേ ഹത്തിന്റെ പ്രതീകം.

## 5. പീലിപ്പോസ്

കുതിരയുടെ സ്നേഹിതൻ എന്നാണ് ഈ വാക്കിന്റെ അർത്ഥം. സമരിയാ, കേസറിയാ, ഹൈരാപ്പോളീസ് തുടങ്ങിയ സ്ഥലങ്ങളിലാണ് അദ്ദേഹം സുവിശേഷ പ്രഘോഷണം നടത്തി യത്. ഒരു സ്തംഭം ആണ് അദ്ദേഹത്തിന്റെ പ്രതീകം. ഇതിൽ കെട്ടിയാണ് അദ്ദേഹം വധിക്ക പ്പെട്ടത്.

## 6. ബർത്തലോമിയോ

ടോളമിയുടെ പുത്രൻ എന്നാണ് ഈ പേരിന്റെ അർത്ഥം. നഥാനിയേൻ എന്നാണ് അദ്ദേഹ ത്തിന്റെ മറ്റൊരു പേര്. തോൽപണിക്കാരുടെ മദ്ധ്യസ്ഥൻ ആണ് അദ്ദേഹം. എ.ഡി. 62 ലാണ് അദ്ദേഹം മരിച്ചത്. ഒരു വലിയ കത്തി (ഇതുകൊണ്ട് രക്തസാക്ഷിത്വം കൈവരിച്ചു) യാണ് അദ്ദേഹത്തിന്റെ പ്രതീകം.

## 7. മത്തായി

യാഹ്വേയുടെ ദാനം എന്നാണ് ഈ വാക്കിന്റെ അർത്ഥം. ലേവി എന്നും ഇദ്ദേഹത്തിന് പേരു ണ്ട്. ഹൽപ്പെ എന്നാണ് പിതാവിന്റെ പേര്.
എ.ഡി. 90 നോടടുത്ത് ഡൊമീഷ്യൻ ചക്രവർത്തിയുടെ കാലത്താണ് അദ്ദേഹം മരിച്ചത്. രണ്ട് പ്രതീകങ്ങൾ ഇദ്ദേഹത്തെ സൂചിപ്പിക്കാൻ
ഉപയോഗിക്കാറുണ്ട്.

1. ചെറിയ വാൾ (ഇതുകൊണ്ട് വധിക്കപ്പെട്ടു).
2. ചിറകുള്ള മനുഷ്യൻ (സുവിശേഷകൻ)

## 8. തോമസ്

ഇരട്ട പിറന്നവൻ എന്നർത്ഥം. ഇന്ത്യയിലും പേർഷ്യയിലും ആണ് അദ്ദേഹം പ്രഘോഷണം നടത്തിയത്. എ.ഡി. 72, ജൂലായ് മൂന്നിന് മൈലാപ്പൂരിലെ ചിന്നമലയിൽ വച്ച് കുന്തത്താൽ കുത്തപ്പെട്ട് മരിച്ചു. ഇന്ദലിയിലെ ഓർത്തോണായിൽ തിരുശേഷിപ്പ് സൂക്ഷിച്ചിരിക്കുന്നു. മട്ടവും (ശിൽപിയുടെ അടയാളം) കുന്തവും ആണ് അദ്ദേഹത്തിന്റെ പ്രതീകം.

## 9. ചെറിയ യാക്കോബ്

ഇദ്ദേഹത്തെക്കുറിച്ച് കാര്യമായ വിവരങ്ങളൊന്നും ലഭ്യമല്ലാത്തതിനാൽ പേരില്ലാത്തവരുടെ വിശുദ്ധനായി കണക്കാക്കുന്നു. എ.ഡി. 62ൽ ജറുസലേമിൽ വെച്ച് കല്ലേറിയപ്പെട്ടാണ് അദ്ദേഹം മരിച്ചത്. രജകന്റെ ഗദയാണ് ഇദ്ദേഹത്തിന്റെ പ്രതീകം.

## 10. യൂദാതദ്ദേവൂസ്

പ്രശംസാർഹൻ എന്നർത്ഥം. ക്ലെയോഫാസും മറിയവും ആണ് മാതാപിതാക്കന്മാർ. പേർഷ്യയിൽ വെച്ച് മരിച്ചു. പരുന്തും ഗദയുമാണ് പ്രതീകം.

## 11. തീവ്രവാദിയായ ശിമയോൻ

‘കേൾക്കുക, ദൈവം എന്റെ പ്രാർത്ഥന കേട്ടു’ എന്നർത്ഥം. പേർഷ്യയിൽ വെച്ച് വധിക്കപ്പെട്ടു. അറക്കവാൾ ആണ് അദ്ദേഹത്തിന്റെ പ്രതീകം.

## 12. മത്തിയാസ്

യാഹ്‌വേയുടെ ദാനം എന്നർത്ഥം. മോശയുടെ നിയമത്തിന്റെ ശത്രു എന്നാരോപിച്ച് യഹൂദർ കല്ലെറിഞ്ഞുകൊന്നു. കുന്തമാണ് പ്രതീകം.

# ഞങ്ങൾ വരവായി

1. പറപ്പൂർ, കുണ്ടുകുളങ്ങര ജിൻജോ & സിമി മകൻ നവീൻ03/12/09 – 07/02/10
2. ഒല്ലൂർ, കാഞ്ഞൂക്കാരൻ ഷേർണി & സോജ മകൾ നക്ഷത്ര 23/12/09 – 07/02/10
3. തൃശൂർ ലൂർദ്ദ്, കോവാട്ടുപറമ്പിൽ രൺജിത്ത് & റിൻസി മകൻസോണൽ 13/10/09 – 20/12/09
4. തൃശൂർ ലൂർദ്ദ്, എലുവത്തിങ്കൽ സിജോ & ലീൻസ് മകൾ ഇവ എലിസബത്ത് 27/10/09 – 23/01/10
5. തൃശൂർ ലൂർദ്ദ്, പൊറുത്തൂർ കിട്ടൻ സിയോൻ പൊറുത്തൂർ & മഞ്ജു തെക്കെക്കര മകൾ നന്മറാസ് 10/12/09 – 13/02/10
6. തൃശൂർ ലൂർദ്ദ്, ചാഴൂര് ചാണ്ടി ജിയാന്റോ & ഫെമി മകൻ ജോസ് 29/12/09 – 14/02/10
7. തൃശൂർ ലൂർദ്ദ്, നീലങ്കാവിൽ ജിജി & അനു മകൻ ആൻ ജോവിൻ ജിജി 21/12/09 – 14/02/10
8. കുരിയച്ചിറ, മഞ്ഞളി അനൂപ് & സോന മരിയ മകൻ ജോയ് 03/12/09 – 14/02/10

# ഞങ്ങൾ ഒന്നായി

1. ബേലാപൂർ, കല്ലറക്കൽ ജോൺ & സോഫി മകൻ ജിമ്മി തൃശൂർ ലൂർദ്ദ്, ചിറയത്ത് എരിഞ്ഞേരി അത്താണിക്കൽ സ്റ്റെയിൻസ് & റോസ്ലിൻ മകൾ സീമ 24/01/10
2. തലയത്തുംകുന്ന് പുളിയക്കൽ ജോസ് & പെണ്ണമ്മ മകൻ ജോബി
   തൃശൂർ ലൂർദ്ദ്, ചൂണ്ടൽ ചോനാടത്ത് ജോസ് & ആനി മകൾ ഇൻഫന്റ് 25/01/10
3. തൃശൂർ ലൂർദ്ദ്, പുറത്തൂർ വർഗ്ഗീസ് & ഷീല മകൻ ഹാരിസൺ
   നെല്ലായി, താക്കോൽക്കാരൻ വർഗ്ഗീസ് & ആനി മകൾ ലിബ 31/01/10
4. തൃശൂർ ലൂർദ്ദ്, കുണ്ടുകുളം കൊച്ചാപ്പു & ജോസ്ഫീന മകൻ ലിന്റോ
   നെല്ലിക്കുന്ന്, മാളിയേക്കൽ പൊറിഞ്ചു & ലില്ലി മകൾ വിജി 31/01/10
5. എറണാകുളം കുളങ്ങര തൊട്ടിയിൽ അബ്രഹാം & ലൗലി മകൻ ജോൺ കെന്റ്
   തൃശൂർ ലൂർദ്ദ്, മോക്കാട്ടുപറമ്പിൽ ചെറിയാൻ & ഓമന മകൾ രേഷ്മ 31/01/10
6. തൃശൂർ ലൂർദ്ദ്, തെക്കേത്തല ബേബി & ഫിലോമിന മകൻ ബിനോയ്
   ചിയ്യാരം, ആലപ്പാട്ട് പൊന്തേക്കൻ ആന്റോ & ഷീബ മകൾ കത്രീന 03/02/10
7. തൃശൂർ ലൂർദ്ദ്, മഞ്ഞില സേവിയർ & ജോയ്സി മകൻ ഇഗ്നേഷ്യസ്
   വണ്ടമനം, കാരക്കുന്നേൽ ദോർജ്ജ് & അന്ന മകൾ ടിന്റുമോൾ 03/02/10
8. എൽത്തുരുത്ത്, വടക്കൻ വർഗ്ഗീസ് & റോസി മകൻ ആന്റോ
   തൃശൂർ ലൂർദ്ദ്, ബ്രഹ്മക്കുളത്ത് തെക്കത്ത് വിൻസന്റ് & മോളി മകൾ ശ്രുതി 03/02/10
9. തൃശൂർ ബസിലിക്ക, തോപ്പിൽ പോളച്ചൻ & ലീമോൾ മകൻ അനിൽ പോൾ
   തൃശൂർ ലൂർദ്ദ്, കിണന്നിങ്കൽ ഡേവി & പ്രിൻസി മകൾ ലിൻസി 07/02/10

10. കാഞ്ഞൂർ, പടയാട്ടി ജേക്കബ് & ലീലാമ്മ മകൻ ടോം തൃശൂർ ലൂർദ്ദ്, ചക്കാലക്കൽ പോൾ & ജെമ്മ മകൾ ഗീതു 07/02/10

11. തൃശൂർ ലൂർദ്ദ്, വടക്കൻ ജോൺ & ആനി മകൻ ജോവന്റ് ഇരിങ്ങാലക്കുട, വെള്ളാനിപ്പറമ്പിൽ ഡേവീസ് & ബെന്നി മകൾ ലീനന്റ് 10/02/10

12. കാലടി, പടയാട്ടി ജോയി & ലില്ലി മകൻ ജോസ്മോൻ തൃശൂർ ലൂർദ്ദ്, ചേലപ്പാടൻ തോമസ് & റാണി മകൾ അന്ന 10/02/10

13. തൃശൂർ ലൂർദ്ദ്, തൈക്കാട്ടിൽ സൈമൺ & മറിയാമ്മ മകൻ തോംസൺ കാട്ടൂർ, ആലപ്പാട്ട് പാലത്തിങ്കൽ ജോസ് പോൾ & ജെസി മകൾ അഞ്ജു 14/02/10

14. മുരിങ്ങൂർ, കണ്ണമ്പുഴ തോമസ് & എൽസ മകൻ മാു തൃശൂർ ലൂർദ്ദ്, പൊറുത്തൂര് തോമസ് & തെയ്യാമ്മ മകൾ റിയ 14/02/10

15. എറണാകുളം, വലിയമന്നം തോമസ് & മറിയം മകൻ ദീപക് തൃശൂർ ലൂർദ്ദ്, എരിഞ്ഞേരി ജോയ് & ടോഫി മകൾ ലിനു 14/02/10

## ഞങ്ങൾ യാത്രയായി

1. കീരംകുളങ്ങര, താണിക്കൽ റാഫേൽ പീന്റർ 28/01/10
2. കിഴക്കുംപാട്ടുകര, ചക്കാലക്കൽ ആന്റണി ഭാര്യ ലളിത05/02/10
3. ലൂർദ്ദുപുരം, കിടങ്ങൻ ലോനപ്പൻ ഭാര്യ ഏല്യക്കുട്ടി 08/02/10